"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - അച്ചടക്കനടപടി തീർപ്പാക്കിയ ഉത്തരവിനെതിരെ കോട്ടയം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. സുധീപ് എസ് -ന്റെ പുന.പരിശോധനാ അപേക്ഷ -തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

**സ.ഉ.(സാധാ) നം.1044/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2021

---

പരാമർശം:- 1 15.10.2018 തീയതിയിലെ സ.ഉ(സാധാ).2643/2018/തസ്വഭവ നമ്പർ ഉത്തരവ്.

2 ഹരിപ്പാട് നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സുധീപ് എസ് സമർപ്പിച്ച 12.04.2019 തീയതിയിലെ പുന.പരിശോധനാ അപേക്ഷ.

3 നഗരകാര്യഡയറക്ടറുടെ 25.01.2021 തീയതിയിലെ വി1-14747/15നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോട്ടയം നഗരസഭയുടെ പരിധിയിലുള്ള അറവുശാലയിൽ 24/09/2014 ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത അറവുശാല നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും ലൈസൻസ് ഇല്ലാതെയും മോശമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് കോട്ടയം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.സുധീപ് എസ്, ശ്രീ.രാജേഷ് പി.ജി. എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി പരാമർശം 1 പ്രകാരം ടിയാളുകളുടെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെയല്ലാതെ 3 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട്, തീർപ്പാക്കിയിരുന്നു.

2 മേൽ ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.സുധീപ് എസ് പരാമർശം 2 പ്രകാരം പുന:പരിശോധനാ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതിലെ വാദങ്ങൾ പ്രകാരം, ഏകദേശം 40 വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചിട്ടുള്ള അറവുശാലയും അനുബന്ധമായി പ്രവർത്തിക്കുന്ന സ്റ്റാളുകളും സ്ഥിതി ചെയ്യുന്ന കെട്ടിടം കാലപ്പഴക്കം മൂലവും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലവും ശോചനീയമായ അവസ്ഥയിലാണെന്ന കാര്യം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിരുന്നതായും, പ്രസ്തുത കെട്ടിടവും പരിസരപ്രദേശങ്ങളും മോശമായി കിടക്കുന്നത് തന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയല്ലായെന്നും പ്രസ്തുത അറവുശാലയിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള അത്യാധുനിക സംവിധാനങ്ങൾ അന്ന് നടപ്പാക്കിയിരുന്നില്ലായെന്നും അറിയിക്കുന്നു. സ്റ്റാളുകളിൽ വ്യാപാരം നടത്തുന്നതിനുള്ള

അവകാശവും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനുള്ള കുത്തകാവകാശവും നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം ലേലത്തിൽ നൽകിയിരുന്നതായും ഡി&ഒ ലൈസൻസിന് വിധേയമായാണ് പ്രസ്തുത അറവുശാല പ്രവർത്തിച്ചിരുന്നത് എന്നും ആയതിനാൽ ലൈസൻസില്ലാതെയും നഗരസഭയുടെ അനുവാദമില്ലാതെയും ഹെൽത്ത് ഇൻസ്പെക്ടറുടെ മൗനാനുവാദത്തോടെയും പ്രവർത്തിക്കുന്നു എന്ന ആരോപണം നിലനിൽക്കാത്തതാണ് എന്ന് അറിയിക്കുന്നു. കൂടാതെ ഇക്കാര്യത്തിൽ റവന്യൂ നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ശ്രീ. സുധീപ് എസ് അറിയിക്കുന്നു. താൻ ഔദ്യോഗിക ചുമതലകൾ വീഴ്ച കൂടാതെ നിറവേറ്റിയിട്ടുണ്ടെന്നും മന: പൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും ടി വസ്തുതകൾ പരിഗണിച്ച് തന്റെ മേൽ ചുമത്തിയ ശിക്ഷണ നടപടി ഒഴിവാക്കി കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിച്ചിരുന്നു

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം കോട്ടയം നഗരസഭയിൽ അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതിപ്രകാരം, സോൺ സി മേഖലയിൽ പ്രവർത്തിച്ച വരുന്ന അറവുശാലയിൽ 24/09/2014 ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും അറവുശാല പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ആയതിന് ഉത്തരവാദിയെന്ന് ആരോപിച്ചാണ് ഹെൽത്ത് ഇൻസ്പെക്ടർ ആയ ശ്രീ.സുധീപ്.എസ്-നെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ/പത്രിക നൽകിരുന്നത് എന്ന് അറിയിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചതിൽ ബുച്ചർ ലൈസെൻസിനുവേണ്ടി പലരും തുക അടച്ചിട്ടും ലൈസൻസ് നൽകിയില്ല, ലൈസെൻസില്ലാത്തയാളുകളാണ് കശാപ്പുനടത്തുന്നത്,തികച്ചും വൃത്തിഹീനമായ അവസ്ഥയിൽ രക്തവും ചാണകവും കെട്ടിക്കിടക്കുന്നു, രക്തവും മറ്റും ഒഴുകുന്നതിനുവേണ്ടിയുള്ള ഓട തടസപ്പെട്ടു കിടക്കുന്നു, അതിനടുത്തായിത്തന്നെ ഉണക്കമത്സ്യം വിൽക്കുന്നു, കശാപ്പുചെയ്യേണ്ട മാടുകളെ കശാപ്പുചെയ്ത മാടുകളുടെയും അതിന്റെ അവശിഷ്ടങ്ങളുടെയും അടുത്തായി കെട്ടിയിട്ടിരിക്കുന്നു തുടങ്ങിയ വിജിലൻസിന്റെ കണ്ടെത്തലുകളെക്കുറിച്ച് കുറ്റാരോപിതരായ ജീവനക്കാരുടെ മറുപടിയിലൊന്നും പ്രതിപാദിച്ച് കാണുന്നില്ലായെന്നും. പരിസരം ശുചിയാക്കി വെക്കണമെന്ന് ബുച്ചർമാർക്കും ലൈസെൻസിക്കും നിർദേശം നൽകുന്നതിൽ വീഴ്ചവരുത്തിയതായും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളിൽ അതീവ ശ്രദ്ധ കാണിക്കേണ്ട അവസരത്തിൽ ആരോഗ്യവിഭാഗത്തിലെ ജീവനക്കാർ ശുഷ്കാന്തി കാണിച്ചിട്ടില്ല എന്നും കണ്ടതിനാലാണ് കോട്ടയം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.സുധീപ് ശ്രീ. രാജേഷ് എന്നിവർക്കെതിരെ ഉള്ള അച്ചടക്ക നടപടി ടിയാളുകളുടെ മൂന്നു ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ മൂന്ന് വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിരുന്നത്.

5. കോട്ടയം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. സുധീപ് എസ് -ന്റെ പുനഃപരിശോധനാ അപേക്ഷയിലെ വാദങ്ങൾ വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം ശിക്ഷണ നടപടി ഒഴിവാക്കി കുറ്റവിമുക്തനാക്കണമെന്ന ടിയാന്റെ വാദങ്ങൾ പരിഗണനാർഹമല്ലായെന്ന് കാണുന്നതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. സുധീപ് എസ്, ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, ഹരിപ്പാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ